# പ്രതികരണങ്ങൾ — 32



പ്രതികരണങ്ങൾ — 32
വായനക്കാർ
(മലയാളം: പ്രതികരണങ്ങൾ)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Women in a Garden on a Moonlit Night, a painting from Rhode Island School of Design Museum Collections

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# പ്രതികരണങ്ങൾ

## ഷൗക്കത്തലീ ഖാൻ: ഒരു വായനക്കാരന്റെ പക്ഷി ജീവിതം

**പ്രതാപൻ, എ.:** വന്നേരി നാട്ടിലെ രാജൻ എന്ന പപ്പടപ്പണിക്കാരനെ കുറിച്ചുള്ള ഷൗക്കത്തലീ ഖാന്റെ എഴുത്ത് കേമം. ചരിത്രത്തിന്റെ വലിയ വലക്കണ്ണികളിൽ നിന്ന് എപ്പോഴും ഊർന്നു പോകുന്ന ചെറിയ മനുഷ്യരെ വീണ്ടും ചരിത്രത്തിലേക്ക് ആനയിക്കുന്ന ഐതിഹ്യത്തിന്റെ വലകൾ കൊണ്ടു നെയ്ത ആഖ്യാന രീതിയും നന്നായി. എറിക് ഹോബ്സോമിന്റെ Uncommon People എന്ന പുസ്തകം ഇത്തരം സാധാരണക്കാരെ, ചരിത്രം നിർമ്മിച്ചിട്ടും ചരിത്രത്തിൽ ഇല്ലാതെ പോയവരെ കുറിച്ചാണ്. സാധാരണ ഗതിയിൽ കുടുംബത്തിന്റെയും അയൽക്കാരുടേയും ഇടയിൽ മാത്രം, ജനന മരണ രജിസ്റ്ററുകളിൽ മാത്രം ഒടുങ്ങിപ്പോകുന്നവരെ കുറിച്ച്. സാധാരണക്കാർ എന്ന പദം തേഞ്ഞു പോയതു കൊണ്ട് മാത്രം ഹോബ്സോം അവരെ അസാധാരണക്കാർ എന്ന് വിളിച്ചു. വേറിട്ട കാഴ്ചകളല്ല, ചരിത്രത്തിൽ വേരോടിയ കാഴ്ചകളത്രെ ഇതെല്ലാം.

## ടി. ആർ. വേണുഗോപാലൻ: ഹമ്പി അനുഭവം

**കെ. വിനോദ് ചന്ദ്രൻ:** ശ്രീ ടി. ആർ. വേണുഗോപാലിന്റെ 'ഹമ്പി അനുഭവം' (ആദ്യഭാഗം) ഹൃദ്യമായി. സജീവവും സമൃദ്ധസുന്ദരവുമായ മറ്റൊരു കാലത്തിലേക്കും ചരിത്രത്തിലേക്കും സംസ്കൃതിയിലേക്കും, ഉള്ള തീർഥാടനത്തിന്റെ / ചരിത്രാടനത്തിന്റെ / സ്വപ്നാടനത്തിന്റെ ഉദ്വേഗങ്ങളാണ് വേണുഗോപാലിന്റെ ലേഖനം പകർന്ന് തന്നത്. വിജയനഗരകാലത്തെ, സംസ്കൃതിയെ, ചരിത്രസമഗ്രതയിൽ വീക്ഷിക്കുന്ന ലേഖനം ഹമ്പിയുടെ ഹൃദയസ്പന്ദനങ്ങൾ പിടിച്ചെടുക്കുന്നതായി അനുഭവപ്പെട്ടു. അടുത്ത ഭാഗത്തിനായി കാത്തിരിക്കുന്നു. വേണുഗോപാലിനും സായഹ്നയ്ക്കും അഭിവാദ്യങ്ങൾ!

**ഡോ. പി. കെ. ശ്രീകുമാർ:** വിജയ നഗര സാമ്രാജ്യത്തിന്റെ അധഃപതനം വിഭജിച്ച് ഭരിക്കുക എന്ന ബ്രിട്ടീഷ് തന്ത്രത്തിൽ ഊന്നുന്ന പഠനങ്ങൾ ഒരു വശത്ത്. ശൈവ വൈഷ്ണവ ഏറ്റുമുട്ടലുകൾ ശൈവ മതവ്യാപനത്തോടെ വലിയ തോതിൽ കർണാടകത്തിൽ നടക്കുകയുണ്ടായി. തൊഴിൽ കുലങ്ങളുടെയും തൊട്ട് കൂടാത്തവരുടെയും സാമൂഹിക മാറ്റങ്ങൾക്ക് നിദാനമായ ബസവണ്ണയുടെ ശരണ പ്രസ്ഥാനത്തെ പുരോഹിതരും ബ്രാഹ്മണരും ചേർന്ന് ഒതുക്കി. അതിനു ശേഷമുള്ള വീര ശൈവരുടെ വളർച്ച ബ്രാഹ്മണ മതത്തിന്നെതിരെ ശക്തമായി നിലകൊണ്ടു. (വിശദ വിവരങ്ങൾക്ക് കാണുക, HS Shivaprakash, I keep Vigil On Rudra, Penguin Books, Gurgaon, 2010) വീര ശൈവർ, വൊക്കലിഗർ, ലിംഗായത്തുകൾ… ഇങ്ങനെ ഇന്നും കർണാടകം ഇവരുടെ നിയന്ത്രണത്തിൽ ആണ്. മാത്രമല്ല വലം കൈ ഇടം കൈ സംപ്രദായം വലിയ തോതിൽ രാഷ്ട്രീയ സ്വാധീനം ചെലുത്തിയിരിക്കാം. ഇന്നും ശൈവ മഠങ്ങൾ ഭരണത്തിൽ ഇടപെടുന്നു. ഇങ്ങനെ നോക്കുമ്പോൾ വിജയ നഗരത്തിന്റെ അധഃപതനത്തിൽ ശൈവർക്കുള്ള പങ്ക് തള്ളിക്കളയാവുന്നതല്ല.

ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ സാമ്രാജ്യമായിരുന്ന വിജയനഗര തലസ്ഥാനമായ ഹമ്പിയെ കുറിച്ചുള്ള വിശദമായ വിലയിരുത്തലാണ് ശ്രീ ടി. ആർ. വേണുഗോപാലന്റെ ഹമ്പി അനുഭവം. പുരാവൃത്തങ്ങൾ, പുരാവസ്തു ലക്ഷ്യങ്ങൾ, ലിഖിതങ്ങൾ, ചരിത്രമെഴുത്തുകൾ, വിദേശ സഞ്ചാര ലക്ഷ്യങ്ങൾ—ഇവയൊക്കെ ആസ്പദമാക്കി ലളിത സുന്ദര ശൈലിയിൽ എഴുതിയത്. ലേഖനത്തിന്റെ ഒന്നാം ഭാഗം വിദേശസഞ്ചാരികളുടെ വിവരണങ്ങളിൽ ഊന്നി വികസിപ്പിച്ചിരിക്കുന്നു. കൊട്ടാരക്കെട്ടുകൾ, ഹിന്ദു-ജൈന ആരാധന കേന്ദ്രങ്ങൾ, മഹാനവമി ആഘോഷങ്ങൾ, വാണിഭ കേന്ദ്രങ്ങൾ—ഇതൊക്കെത്തന്നെയും ഭരണക്രമത്തിന്റെ അധികാരവും സമ്പത്തുമായി ഉരുവപ്പെടുന്നത് കാണാം. പ്രതിരോധ സ്ഥാനങ്ങളായ കോട്ടകൾ, സൈനികർ, കച്ചവടക്കാർ, വിദേശികൾ ഇവർ അണിനിരക്കുന്ന ശില്പങ്ങൾ, സഹസ്ര ശ്രീരാമ പ്രതിനിധാനങ്ങൾ-ബഹുസ്വരതയെ സർവ്വത്മനാ സ്വീകരിച്ച ഒരു ഭരണക്രമത്തിന്റെ ആധാരശിലകൾ ഇവിടെ നിലനിന്നു. നാടിനെ ഏക ശിലാഖണ്ഡമാക്കുവാൻ തത്രപ്പെടുന്നവർ ഈ ലേഖനം വായിച്ചു നോക്കുന്നത് ഉചിതമായിരിക്കും.

## കെ. ജി. എസ്.: കയ്പ്

**കെ. വിനോദ് ചന്ദ്രൻ:** കയ്ക്കുന്ന വെളിവുകൾ

കെ. ജി. എസ്സിന്റെ 'കയ്പ്' എന്ന കവിതയും കയ്പിന്റെ രാഷ്ട്രീയ-ലാവണ്യ വിവക്ഷകളിലേക്ക് സഞ്ചരിക്കുന്ന എ. പ്രതാപന്റെ അനുഭവക്കുറിപ്പും ശ്രദ്ധേയമായി. മലയാള ഭാവുകത്വത്തിലെ നിർണ്ണായകമായ ഒരു രുചിമാറ്റത്തെയാണ് ഈ കവിതയും അതിന്റെ ഉജ്ജ്വലമായ നിരൂപണവും അടയാളപ്പെടുത്തുന്നത്.

പെട്ടിമുടിദുരന്തം സൃഷ്ടിച്ച മഹാഘാതത്തെ മുറവിളിയും ഒപ്പാരും കൊണ്ട് ഒഴിപ്പിച്ചു കളയാതെ, വിരേചനമോ സാന്ത്വനമോ അനുവദിക്കാതെ, ഉടലിൽ, ഉയിരിൽ, ചിന്തയിൽ, വാക്കിൽ, വംശപ്രജ്ഞയിൽ ഉണങ്ങാത്ത ഒരു മുറിപ്പാടായി എന്നെന്നേക്കുമായി കൊത്തിവയ്ക്കുകയാണ് കെ. ജി. എസ്സിന്റെ കവിത. നേരും നേരവും, ദുരന്തവും ഖേദവും, കണ്ണീരും ക്രോധവും, ചോദ്യവും മൗനവും വാറ്റി നീറ്റിയെടുത്ത ഒരു കടുംകയ്പ്പ് കഷായം അത് നമുക്ക് പകരുന്നു. പ്രതാപൻ സൂചിപ്പിക്കുന്നത് പോലെ, നമ്മുടെ ഈച്ചയാർക്കുന്ന ശർക്കരഭാവുകത്വത്തിന്, മധുരാതുരത്വത്തിന്, മറുമരുന്നായി.

മണ്ണിനടിയിൽ ജീവനോടെ മറവ് ചെയ്യപ്പെട്ട ഉറ്റവരെയും ഊരിനെയും, തെരയുവാൻ ജെ. സി. ബിയ്ക്കൊപ്പം, മണ്ണു മാന്തികൾക്കൊപ്പം, രക്ഷാപ്രവർത്തകർക്കൊപ്പം കവിതയുമുണ്ട്. രക്ഷാസംഘം തിരിച്ചു പോയാലും കവിതയുടെ തെരച്ചിൽ, അവസാനിക്കുന്നില്ല. നിർത്താതെ തുടരുന്ന രക്ഷാപ്രവർത്തനമാണ് കവിത. 'അടയാളങ്ങൾ മറഞ്ഞാലും ആശയിരുണ്ടാലും, കിട്ടുന്നതു കീറർത്ഥങ്ങളും കയ്ക്കുന്ന സൂചനകളാണെങ്കിലും കവിതയുടെ രക്ഷാദൗത്യത്തിന് അറുതിയില്ല. 'വരുമാരെങ്കിലുമെന്ന' ജീവന്റെ മിടിപ്പിനായി പ്രതീക്ഷയോടെ കാതോർത്ത് കൊണ്ട് കവിതയുടെ രക്ഷായന്ത്രമുണ്ടാവും യുഗാന്ത്യത്തോളം. കാലത്തിന്റെ ഉരുൾപൊട്ടലുകളിൽ മണ്മറഞ്ഞു പോയ ഉറ്റവരെ, ഊരുകളെ, ഭൂമിയിലെ പറുദീസകളെ, മറവിയുടെ തമോഗർത്തങ്ങളിൽ പൂണ്ട് പോയ മഹാനാഗരികതകളെ, സംസ്കൃതികളെ, ജനപദങ്ങളെ, ജീവന്റെ, ഓർമ്മയുടെ, തുടിപ്പുകളെ, മൺ കൂനകൾ അടർത്തി മാറ്റി, വീണ്ടെടുക്കുന്ന സാംസ്കാരികവും, ഭാവുകപരവുമായ രക്ഷാപ്രവർത്തനമാണ് ഇവിടെ കവിത.

രക്ഷാപ്രവർത്തകന്, നേരിടുന്നവന്, ഊർജ്ജം നൽകുന്ന ("മഹാ")രോഗ്യ പാനീയമാണ് ഈ തിക്തകം. ദുരന്തത്തിൽ പൂണ്ടുപോയ ഉറ്റവരെയും ഊരിനെയും നെഞ്ചിന്റെ മിടിപ്പുകളെയും തേടൽ മാത്രമല്ല, നാഗരികമായ നമ്മുടെ നേരത്തിന്റെ നേരിനെ ആരായൽ കൂടിയാണ് കവിത. ഘനമൂകവും ശോകസാന്ദ്രവുമായ അന്തർശ്രുതിയിൽ വിലാപവും വിമർശവും വിചാരണയും കെട്ട് പിണയുന്നു. ദുരന്തത്തിന്റെ കാര്യകാരണങ്ങളിലേക്ക് നീളുന്ന അന്തർവിചാരണ.

നാഗരികാർത്തികൾ പൊന്മുട്ടകൾ
തേടിത്തോണ്ടിയ ഖനികൾ
നാടിൻ കൂട്ട മൃതിക്കുഴിയായി.

യാദൃഛികമായ ഒരു പ്രകൃതി ദുരന്തമല്ല പെട്ടിമുടിയിൽ സംഭവിച്ചത്. മനുഷ്യസൃഷ്ടമായ, ചരിത്രജന്യമായ ദുരന്തം. നാഗരികത തന്നെയാണ് ഇവിടെ പ്രതിക്കൂട്ടിൽ. അതിനാൽ നാഗരികരായ നമ്മുടെ ക്ഷണിക വിലാപങ്ങളിൽ, രോഷങ്ങളിൽ നുരയുന്നത് കാപട്യവും ആത്മവഞ്ചനയുമാണ് എന്ന കയ്ക്കുന്ന വെളിവിൽ വിലാപവും ക്രോധവും മന്ത്രസ്ഥായിയിലേക്ക് വലിയുന്നു.

നാഗരികരുടെ അത്യാർത്തികൾ പൊൻമുട്ടകൾക്കായി തോണ്ടിയെടുത്ത ഖനികളാണ് നാട്ടുകാർക്കായി ഈ കൂട്ടമൃതിക്കുഴി ഒരുക്കിയിരിക്കുന്നത്. 'കള്ളിമാലി', 'കവളപ്പാറ', 'പൂത്തുമല', 'പെട്ടിമുടി'... ഈ ദുരന്ത പരമ്പരകൾ ആസൂത്രിതമാണ്. നാഗരികതയുടെ ഓരങ്ങളിലേക്ക് തള്ളപ്പെട്ട ദളിതരും ആദിവാസികളും ദരിദ്രരും തോട്ടപ്പണിക്കാരുമൊക്കെയടങ്ങിയ അപ്രധാനരും അർദ്ധ പൗരന്മാരുമായ കോളണി മനുഷ്യരാണ് ഇത്തരം ദുർമരണശിക്ഷയ്ക്ക് വിധിക്കപ്പെട്ടവർ. പ്രകൃതിയുടെ കുഴി തോണ്ടുന്ന നാഗരികദുരയുടെ ഇരകളാണിവർ.

ഈ ദുരന്തങ്ങൾ അപവാദങ്ങളല്ല. പ്രകൃതി നിയമങ്ങളല്ല. ചരിത്ര നിയമങ്ങളാണ്. നാഗരിക ചരിത്രത്തെ അനിവാര്യമായും പിന്തുടരുന്ന, പൂർവ്വ നിർണ്ണീതമായ ദുരന്തങ്ങൾ. പുരോഗതിയുടെ വിജയയജ്ഞത്തിനായി സമർപ്പിക്കപ്പെടുന്ന ജീവബലികൾ. നാഗരികതയുടെ ഈ ദുരന്ത ഗാഥയും വിലാപവും വിചാരണയും നാലുവരികളിൽ സംഗ്രഹിക്കപ്പെടുന്നു:

ഭാവിയിലേക്ക് കുതിച്ച പദങ്ങൾ
പ്രാചീനതയിൽ ചിന്നിച്ചിതറി.
ഉയരത്തിനൊരുങ്ങിയതെല്ലാം
പാതാളത്തിലടങ്ങിയമർന്നു.

പെട്ടിമുടിയ്ക്ക് മാത്രം ബാധകമായ ഒന്നല്ല ഈ ദുരന്ത തത്വം. ചരിത്ര പുരോഗതിയുടെ പൊതു നിയമമാണിത്.

നാഗരികതയുടെ നേരിന്ന് നേർക്ക് നേർ നിന്ന് കൊണ്ട് നേരിനെത്തന്നെ വിചാരണ ചെയ്യുകയാണ് തുടർന്നുള്ള ചോദ്യങ്ങൾ. പ്രത്യക്ഷമായ സത്യത്തിന്, കാണപ്പെടുന്ന, പറയപ്പെടുന്ന, സത്യത്തിന്, നേർ വിപരീതമാണ് സത്യത്തിന്റെ സത്യം എന്ന വിരോധഭാസവെളിവിലാണ് ഈ നേർവിചാരണ എത്തിച്ചേരുന്നത്.

ഒച്ചയിലുയരും മൂകത നേരോ?
ചിരിയിലൊലിക്കും കണ്ണീർ നേരോ?
വിരിയലിൽ വിളയും കരിയൽ നേരോ?
നേരോ, കുതികളിലുറയുമനങ്ങായ്ക?
അറിവേക്കാൾ അറിവില്ലായ്മകൾ
വാഴും പുരമോ നമ്മുടെ പ്രജ്ഞ?

ഒച്ചയല്ല, മൂകതയാണ്, ചിരിയല്ല, കണ്ണീരാണ്, വിരിയലല്ല, കരിയലാണ്, കുതികളല്ല അനങ്ങായ്കയാണ്, അറിവല്ല അറിവില്ലായ്മയാണ്, മധുരമല്ല മധുരത്തിലൊളിക്കുന്ന കയ്പാണ് നാഗരികമായ നമ്മുടെ നേരത്തിന്റെ നേര് എന്ന് കവിത നിർവ്വചിക്കുന്നു. അജ്ഞതകൾ, അന്ധതകൾ, അനീതികൾ, ഭരിക്കുന്ന നഗരപ്രജ്ഞയുടെ അന്തർവൈരുദ്ധ്യങ്ങളിലേക്ക്, വിരോധാഭാസങ്ങളിലേക്ക്, നെറികേടിലേക്ക് വിരൽ ചൂണ്ടുന്ന അഹിതകരമായ ഈ ചോദ്യങ്ങൾ. അറിവിനെക്കാൾ അറിവില്ലായ്മ വാഴുന്ന നഗരമാണ് നമ്മുടെ പ്രജ്ഞ എന്ന കയ്ക്കുന്ന പ്രബുദ്ധതയിലേക്കാണ് ഈ ചോദ്യപരമ്പരകൾ നമ്മെ നയിക്കുന്നത്.

കെ. ജി. എസ്സിനും, പ്രതാപനും സായാഹ്നയ്ക്കും അഭിവാദ്യങ്ങൾ.

**ടി. ആർ. വേണുഗോപാലൻ:** നല്ല എഴുത്ത്. കവിതയും നിരൂപണവും അതിന്റെ അഗാധതയിൽ തൊട്ടറിഞ്ഞു. ഓരോവായനയിലും കൂടുതൽ തെളിയുന്ന കവിത.

(ജനുവരി 17 മുതൽ 30 വരെ ലഭിച്ച പ്രതികരണങ്ങളാണ് ഈ ലക്കത്തിലുള്ളത്).

RIVER VALLEY
DIGITAL LIBRARY
*empowering the author …*

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ | രൂപ | 238 |
| (119 വീതം ആറു മാസത്തിലൊരിക്കൽ) | | |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്ങിറ്റ് | 25 |

- എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/ കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014